# ചെപ്പ്




## ഡിജിറ്റൽമാഗസിൻ

## ഗവ. എച്ച് എസ് അഴീക്കൽ

# ആമുഖം


അറിവിന്റെ ചക്രവാളത്തിലേക്ക് പാറുന്നവരാണ് കുട്ടികൾ , വദ്യാഭ്യാസം എന്ന മധുരം നുകരാൻ. വർണ്ണചിറകുകൾ വിരിച്ച നടക്കുന്ന പൂമ്പാറ്റകളെ പോലുള്ള കുരുന്നുകളുടെ കൊച്ചു സംഭാവനകളായ കവിതകളും കഥകളും പലപ്പോഴും പ്രസിദ്ധീകരിക്കാൻ സാധിക്കാതെ പോയിട്ടുണ്ട്. പക്ഷേ, അത്യധികം വേഗത്തിലുള്ള കാലത്തിന്റെ മാറ്റം ഇതെല്ലാം മാറ്റാൻ സഹായിക്കുന്നു. കാലം മാറി പല പല സാങ്കേതിക വിദ്യകളും വികസിച്ചു. അങ്ങനെ

ഇന്ത്യയിലെ ഏറ്റവും വലിയ ഐ റ്റി കൂട്ടായ്മയായ കൈറ്റ്സിൽ കുരുന്നുകളുടെ സംഭാവനയോടെ ഒരു ഡിജിറ്റൽ മാഗസ്സിൻ തയ്യാറാക്കുന്നു. കുട്ടികളുടെ രചനകൾ 3 ഉൾക്കൊള്ളിച്ചു തയ്യാറാക്കിയ ഈ മാഗസ്സിൻ ഏവരുടെയും പ്രോൽസാഹനം പ്രതീക്ഷിച്ചു സമർപ്പിക്കുന്നു.



ഹെഡ് മിസ്ട്രസ് 3

# Appreciation to the poem ‘ Song of a Rain’ by Khalil Gbran




## Song of a Rain

‘Song of a Rain’ is included in Khalil Gibran’s famous collection of poems ‘Tears and Laughter’.It is written in the form of a song sung by the rain itself, as she comes from the heaven.

The rain is beautifully personified in this poem. Gibran was a close observer not only of human nature but also of nature’s creations and elements. The rain looks like ‘silver threads’ when it falls down from the sky. It is a divine gift from God to nature. Rain drops are as beautiful as pearls and they shine like pearls in the ‘crown of Ishtar’, the Goddess of love and fertility.

The rain has a magical power of transforming touch. Rain, a messenger of mercy connects the fields with the clouds high up in the sky. Rain drops quench the thirst of earth and cure the ailment of clouds.

The poem written in the first person and the rain herself is the speaker and she holds a mirror to her own identity and many activities. The simile, metaphor, personification, alliteration added to the beauty of the poem.

- Parvathy sreekumar




# കാറ്റ്



കാറ്റിനൊരായിരം
കൈകളുണ്ടേ
അക്കയ്യാലെങ്ങും
പരതുന്നുണ്ടേ
മുറ്റത്തെച്ചെമ്പക-
പ്പൂവിറുത്തു
ഒന്നു മണത്തു
വലിച്ചെറിഞ്ഞു.
മുത്തശ്ശിമാവിന്റെ
കൊമ്പൊടിച്ചു
തെങ്ങു പിടിച്ചു
കുലുക്കിവിട്ടു
കുട്ടികൾ മാത്തു
വിട്ട പട്ടം
വട്ടത്തിൽ ചുറ്റിച്ചു
ചരടു പൊട്ടി
പെട്ടെന്നു വന്നൊരു
പേമഴയെ
ആട്ടിത്തെളിച്ചു
പറഞ്ഞുവിട്ടു
കാറ്ററിയാത്തൊരു
നാട്ടിലെങ്ങോ
ആ മഴ പോയി
കരഞ്ഞു തീർത്തു
കാറ്റിനൊരായിരം
കൈകളുണ്ടേ
അക്കൈ നിറച്ചു
കസ്തൃത

ദേവദത്തൻ

# ഉണർവ്



ഒരു വിത്തു മൂടിപ്പുതച്ചു മടിയോടെ
നനവില്ലാ മണ്ണിൽക്കിടന്നുറങ്ങി...

മഴ വന്നു മേനിയിൽ വെള്ളം തളിക്കവേ
മടിമാറി മെല്ലെയുണർന്നെണീറ്റു.

മരതകഭംഗികലർന്ന തളിരുകൾ
തലനീട്ടിനിന്നു കുടപിടിച്ചു.

മഴയും,വെയിലുമേറ്റൊരു ക്ലേശലില്ലാതെ
മരമായി മണ്ണിൽ മുളച്ചുപൊന്തി...

മടിമാറ്റിയൊന്നങ്ങുണർന്നിട്ടു വേഗം
മധുരമാം ലോകത്

-പ്രിയനന്ദിനി

# ഒരു ചെറിയ സംശയം



വലിയ സംശയാലുവായിരുന്നു ബലു. എന്തിനും ഏതിനും സംശയം മാത്രം !

ഒരിക്കൽ ബാലുവിന് പട്ടാളത്തിൽ ജോലികിട്ടി. സംശയം ചോദിച്ച് ചോദിച്ച് മേലധികാരികളെ ബലു വെള്ളം കുടിപ്പിച്ചു

ഒടുവിൽ സഹികെട്ട് മേലുദ്യോഗസ്ഥൻ ബാലുവിനോടു പറഞ്ഞു:"താൻ ഇവിടെ വേറൊരു പണിയും ചെയ്യേണ്ട. ഗേറ്റിൽ കാവൽ നിന്നാൽ മതി. പട്ടളത്തിന്റെ സ്റ്റിക്കർ ഒട്ടിച്ച വാഹനങ്ങളേ ഉള്ളിൽ കടത്തിവിടവൂ. അല്ലാതെ വല്ല വാഹനവും കടന്നാൽ അതിലുള്ളവരെ വെടി വച്ചിടണം.”

ബാലു തലകുലുക്കി.എന്നിട്ട് തോക്കുമായി ഗറ്റിൽ ചെന്നു നിന്നു. അല്പം കഴിഞ്ഞപ്പോൾ അതാ വരുന്നു ഒരു കാർ. കാറിൽ പട്ടാളത്തിന്റെ സ്റ്റിക്കർ ഇല്ല. ബാലു കാർ തടഞ്ഞു.

കാർഡ്രൈവർ പറഞ്ഞു  എടോ  കാറിനുള്ളിൽ ആർമി ജനറലാണ്. വേഗം കടത്തിവിട്...

പക്ഷേ  ബാലു സമ്മതിച്ചില്ല. ഉടനെ ആർമി ജനറൽ ഡ്രൈവറോടു പറഞ്ഞു


അവർ പറയുന്നതു കേൾക്കേണ്ട.വണ്ടി മുന്നോട്ടെടുക്ക്...

ഉടൻ ബലു കാറിനടുത്തേക്കി ഓടിച്ചെന്നു.

എന്നിട്ടു ജനറലിനോടു ചോദിച്ചു: "സാറേ  ഞനിവിടെ പുതിയതാ... അതുകൊണ്ട് ഒരു സംശയം  ആദ്യം സാറിനെയാണോ അതോ ഡ്രൈവറെയാൻോ വെടിവയ്ക്കേണ്ടത്?”

- അഞ്ജന ശിവകുമാർ

# നമ്മളൊന്നാണ്



മതങ്ങൾ പലതാണെങ്കിലുമറിയുക
മനുഷ്യരൊന്നാണ്.
പലവർണങ്ങക്കാരെങ്കിലുമെന്നും
ചോര ചുവപ്പാണ്.
പേശും ഭഷകൾ പലതായാലും
താളമതൊന്നാണ്
ഏത്തിൽ താളമതൊന്നാണ്.
ഭ്രമിയിതെന്നാണ്, മേലേ
വാനവുമൊന്നാണ്.
അമ്മിഞ്ഞപ്പൽ നാവിൽ ഇുകിയ
നന്മയുമൊന്നാണ്.
നന്മയുമൊന്നാണ്--- ഈ
നമ്മളുമൊന്നാണ്..

-ലക്ഷ്മി

# Appreciation to the poem 'SONG OF A DREAM'



The beautiful poem by Sarojini naidu is about a dream of hers. The poetess in her dream happened to stand in the light of a magical wood. In her dream vision came one after another like poppy. The spirits of truth appeared to her as birds that sang. The spirits of love came to her as stars that glowed. The spirits of peace followed to her as streams.

While in the magical grove the poetess felt the stars of spirits of love gather round her. She could hear the song of the spirits of truth. She bend by the streams of the spirits of peace to quench her longing for serenity.

The beautiful visual images of poppy flowers, glowing stars and following streams and her bending low to the streams make the poem impressive by giving clarity to the description. The rhymes, alliteration add much lyrical qualities to the poem.

- vismaya

ചെപ്പ്

# 'മരമാണ് അഗോളതാപനത്തിനുള്ള മറുപടി'




അമിതച്ചൂട്,വരൾച്ച എന്നിവയോക്കെ ഇന്ന് നാം അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രകൃതി ദുരന്തങ്ങളാണ്.ഇതിനൊക്കെ കാരണം നമ്മൾ തന്നെയാണ്.

നമ്മുടെ ചില മനുഷ്യത്വമില്ലാത്ത പ്രവർത്തിയുടെ ഫലമായിട്ടാണ് ഇതൊക്കെ സംഭവിക്കുന്നത്. ഒരു കാലംവരെ വളരെ ഹരിതാഭമായിരുന്ന നമ്മുടെ നാട് വികസനത്തിന്റെയും പാശ്ചാത്ത്യസംസ്കാരത്തിന്റെയും പേരിൽ വെട്ടിതീർത്ത കാടുകളും നികത്തിയ ചതുപ്പ നിലങ്ങൾക്കും കണക്കില്ല. ജലസംഭരണികളായ കുന്നുകൾ ഇടിച്ച നിരത്തി, പാടങ്ങൾ നികത്തി കൂററൻ കെട്ടിടങ്ങൾ പണിതുയർത്തി. അന്തരീക്ഷത്തിൽ ഹരിതഗൃഹവാതകങ്ങളുടെ അളവ് കൂടിയതോടെ ഭൂമിയിൽ താപനിലയും വർധിച്ച. ഇനി ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും പ്രകൃതിയേയും മനുഷ്യരാശിയേയും വൻദുരന്തത്തിലേയ്ക്ക കൊണ്ടുചെന്നെത്തിക്കുകയാണ് ചെയ്യുണ്ടത്. മരങ്ങൾ വെച്ചുപിടിപ്പിച്ച അന്തരീക്ഷ താപനിലകുറയ്ക്കാം. ആഗോളതാപനത്തിന്റെ വെല്ലുവിളികളെ നേരിടാൻ ജൈവവൈവിധ്യത്തിന്റെ കലവറയായ കാടുകൾ തിരിച്ച പിടിക്കാം.ഫ്ളാററിന്റെ ചെറിയ ടെറസിൽ പോലും മരങ്ങൾ വളർത്താം.

**അഞ്ജന എസ്**

ഗവ. എച്ച്. എസ്.അഴീക്കൽ

# മഹത് വചനങ്ങൾ



പരിശ്രമം ചെയ്യുകിലെന്തിനേയും വശത്തിലാക്കാൻ കഴിവുള്ളവണ്ണം ദീർഘങ്ങളാം കൈകളെ നൽകിയത്രേ മനിഷ്യരെ പാരിലയച്ചതീശൻ

-കെ. സി. കേശവപിള്ള



ഉദ്ദേശവും ലക്ഷ്യവുമില്ലാത്ത പരിശ്രമവും ധൈര്യവും അപൂർണ്ണമാണ്

-ജോൺ എഫ് കെന്നഡി

ശത്രു സ്നേഹത്തിന്റെ വഴി ക്രിസ്തു കാണിച്ചുതന്നു അത് പ്രവർത്തനക്ഷമമാണെന്ന് ഗാന്ധിജി ബോധ്യപ്പെടുത്തുകയും ചെയ്തു

- മാർട്ടിൻ ലൂതർ കിങ്

വികാരമായി കറുപ്പ് ഒരു മോശം നിറമാണ്.എന്നാൽ ഓരോ ബ്ലാക്ക് ബോർഡുകളുമാണ് വിദ്യാർഥികളുടെ ജീവിതം ശോഭാനമാക്കുന്നത്.

- ഐ പി ജെ അബ്ദുൾകലാം

ഉണരുക, എഴുന്നേൽക്കുക, ലക്ഷ്യം നേടുന്നതുവരെ പ്രയത്നിക്കുക

-സ്വാമിവിവേകാനന്ദൻ

ദേവിക എസ്

# കുഞ്ഞുപുവ്

വിടരാനൊരുങ്ങുന്ന കുഞ്ഞുപൂവ്

മഞ്ഞ നിറമുള്ള കുഞ്ഞുപൂവ്

തൊട്ടിലാട്ടാനെത്തി കുഞ്ഞകാറ്റ്

മാല ചാർത്താനെത്തി മഞ്ഞുതുള്ളി

താരാട്ടുപാട്ടുവാൻ കോകിലവും

വീശിയുറക്കാൻ പൂമ്പറ്റകളും

വണ്ടുകൾ കിന്നാരം മൂളിയെത്തി

വെയിലൊളി പുഞ്ചിരി തൂകി നിന്നു

കണ്ണു തുറന്നു ചിരിച്ചു നിന്നു

മഞ്ഞ നിറമുള്ള കുഞ്ഞുപൂവ്



- ദേവിക ടി

# മഴ

മാനത്തുടൊഴുകിനടക്കും
കരിമേഘത്തുണ്ടയ്യാ
മഴയായി പെയ്യുന്നു
മണ്ണിൽ വീണൊഴുകുന്നു.



ആറായും കുളമായും
പുഴയായും നിറയുന്നു
വഴിയേറെച്ചെല്ലുന്നു
കടലിൽട്ടെന്നെത്തുന്നു


കത്തുന്നൊരു സൂര്യൻ മെല്ലെ-
കൈ മാടി വിളിക്കുമ്പോൾ
ജലബാഷ്പം മാനത്തേ-
ക്കുടനേയങ്ങുയരുന്നു.

കരിമേഘത്തുണ്ടായി
കളി വീണ്ടും തുടങ്ങുന്നു
മഴയായി മണ്ണിന്റെ
ഉയിരൈ

ആദിത്യ

ചെപ്പ്

# പരിസ്ഥിതി




ഇന്നലെവരെ ഓടിച്ചാടി
നടക്കുകയായിരുന്നു....
ഇന്നിതാ,
പുതിയ ക്ലാസ്
പുതിയ കൂട്ടുകാർ,
പുതിയ പുസ്തകങ്ങൾ...
പുതുമാഷ്...
ഇനിയീ പുതുലോകത്ത്
വേരോടിക്കണം
വളരണം...
പടരണം...
കട്ടി ആലോചനയിലാണ്ടു..
ഇന്നലെ വരെ
പ്ലാസ്റ്റിക് കൂടിലെ
ഇത്തിരി മണ്ണിൽ
കുഞ്ഞുവേരുകളും നാലഞ്ചിലകളുമായി
നിൽപ്പായിരുന്നു...
ഇന്നിതാ
ഈ പുതുമണ്ണിൽ.
തലയാട്ടിചിരിക്കുന്ന കൂട്ടുകാർക്കൊപ്പം.......
ഇനിയിവിടെ
വേരോടിക്കണം.....

ഗവ. എച്ച്. എസ്.അഴീക്കൽ

തൈച്ചെടി ചിന്തയിലാണ്ടു.
കുട്ടിയുംതൈച്ചെടിയും
ചേർന്നു നിൽക്കെ
മഴ ചാറി.

# അമ്പിളിമാമൻ



അമ്പിളിക്കലയുടെ
പുഞ്ചിരിപ്പാലിൽനിന്നു
പഞ്ചാരത്തരിയൊന്നു
കൊണ്ടുപോന്നു
പട്ടണത്തിലെ കുറ്റൻ
കെട്ടിടമൊന്നിൽ ചില്ലു
പെട്ടിയിൽ വെച്ചിരിപ്പൂ
ചെന്നുകാണാൻ
ആളുകൾ തിങ്ങിവിങ്ങും
ക്യൂവിൽ ഞാൻനിന്നു; രണ്ടു
നാഴിക കഴിഞ്ഞുള്ളിൽ
കടന്നുചെന്നു.
ആത്ഭുതം! ഇതു പൊടി-
മണ്ണുകുഴച്ചുരുട്ടി
വച്ചപോലിരിക്കുന്നു.
കൊച്ചുകല്ലേ,
പാടുപെട്ടുനീ പാരം
പാരിലെത്തിയ നേരം
പാവം നിന്നിലെ നിലാ-
വെങ്ങുപോയി?
അല്ലെങ്കിൽ,ചന്തമേറു-
മമ്പിളി മാമാ! നിന്നിൽ
മിന്നിനിൽപ്പതു വെറും
മണ്ണുതാനോ?-

ആര്യനന്ദ

# കൂട്ടുകാർ



കിളികളെന്റെ കൂട്ടുകാർ

കളമൊഴികൾ പാട്ടുകാർ

ചിലരുണരും പുലരിയിൽ

ചിലരുപാട്ടും രാത്രിൽ

പല നിറങ്ങളുള്ളവർ

പല വലുപ്പമാണവർ

പല വഴിയേ പാറുവോർ

പല കഥകൾ പാടുവോർ

ചിലരു പോരടിക്കുവോർ

ചിലരു സ്നേഹമുള്ളവർ

എന്റെ ചുറ്റുമുള്ളവർ

എന്നപോലെയാണവാർ!


ഗവ. എച്ച്. എസ്.അഴീക്കൽ

-

അനഘ .പി.ബിജു

# കാഴ്ച

വിത്തിനുള്ളിൽ ഞാൻ
നോക്കിയിരിക്കെ
വമ്പൻ മാവ്
ചുരുണ്ടുണങ്ങുന്നു



തുള്ളിച്ചാടാതെ
യണ്ണാറക്കണ്ണൻ
ചില്ലയുണ്ടാവാൻ
കാത്തിരിക്കുന്നു

കൺ തുറക്കാതെ
കുഞ്ഞിക്കിളികൾ
ത്തുവലെല്ലാം
പുതച്ചുറങ്ങുന്നു

നീലയാകാശ
മുൾക്കണ്ണിൽക്കണ്ടോ
മെല്ലനേയവ
പുഞ്ചിരിക്കുന്നു

**ആൻറിബെറ**

# thank you